7. അഭിരുചി നിർണ്ണയിക്കപ്പെടുന്ന വിദ്യാർത്ഥിക്ക് തനിക്ക് ഏത് മേഖലയിലാണ് അഭിരുചി എന്നത് കൗൺസിലിംഗിലൂടെ വിദ്യാർത്ഥിക്കും രക്ഷകർത്താവിനും ബോധ്യപ്പെടുത്തുക.

8. അഭിരുചി പരീക്ഷാ സൗകര്യം ഓരോ വിദ്യാഭ്യാസ ജില്ലയിലും സൗജന്യമായി നോഡൽ സെന്ററ്വഴി വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുവാൻ സൗകര്യം ഏർപ്പെടുത്തുക.

9. എല്ലാ സ്കൂളുകളിലും അഭിരുചി നിർണ്ണയ പരീക്ഷ നടത്താനുള്ള സംവിധാനം ഒരുക്കുക.

വിദ്യാർത്ഥികളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യാൻ പദ്ധതി

46 (2537) ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. റ്റി. എൻ. പ്രതാപൻ :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യാൻ സ്കൂളുകളിൽ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) വിദ്യാർത്ഥികളുടെ എന്തെല്ലാം വിവരങ്ങളാണ് ഡിജിറ്റൈസ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളുടെ മുഴുവൻ വിവരങ്ങളും ഡിജിറ്റൈസ് ചെയ്യുന്നതിന് സ്കൂൾതലംമുതൽ സംസ്ഥാനതലംവരെയുള്ള പ്രവർത്തനങ്ങൾ ഓട്ടോമേറ്റ് ചെയ്യുന്നതിനും 'സമ്പൂർണ' എന്ന പേരിൽ ഒരു ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സിസ്റ്റം വികസിപ്പിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) വിദ്യാഭ്യാസവകുപ്പിന്റെ വിവിധ ആവശ്യങ്ങൾക്ക് സ്കൂൾ കുട്ടികളുടെ വിശദാംശങ്ങൾ കൃത്യതയോടെയും വേഗത്തിലും ലഭ്യമാക്കുന്നതിനും വിവിധ പ്രവർത്തനങ്ങൾക്ക് ഡാറ്റ പൊതുവായി ഉപയോഗിക്കുന്നതിനും സൗകര്യമൊരുക്കുകയാണ് ഈ പദ്ധതികൊണ്ട് പ്രധാനമായി ലക്ഷ്യമിടുന്നത്.

(സി) സ്കൂളിൽ സൂക്ഷിക്കുന്ന അഡ്മിഷൻ രജിസ്റ്ററിൽ ചേർത്തിരിക്കുന്ന വിവരങ്ങളും വിദ്യാഭ്യാസവകുപ്പ് നടത്തുന്ന മേളകൾ, കലോത്സവങ്ങൾ, സ്കോളർഷിപ്പുകൾ തുടങ്ങിയ പ്രവർത്തനങ്ങൾക്കാവശ്യമായ വിവരങ്ങളുമാണ് സമ്പൂർണയിലൂടെ ശേഖരിക്കുന്നത്. ഒരു കുട്ടി സ്കൂളിൽ അഡ്മിഷൻ നേടുന്നതുമുതൽ സ്കൂളിൽനിന്നും വിട്ടുപോകുന്നതുവരെയുള്ള പ്രവർത്തനങ്ങളും പരീക്ഷ, പ്രോഗ്രസ് റിപ്പോർട്ട്, ക്ലാസ് പ്രമോഷൻ, വിടുതൽ സർട്ടിഫിക്കറ്റ് (ടി.സി.) തുടങ്ങിയ പ്രവർത്തനങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിനാണ് സൗകര്യമൊരുക്കിയിരിക്കുന്നത്.

വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം

47 (2538) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാർ, അടിമാലി സബ് ജില്ലകളിൽ മുസ്ലിം, ഒ.ബി.സി. എസ്. സി./ എസ്.ടി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും മറ്റ് ആനുകൂല്യങ്ങളും നൽകുന്നുണ്ടോ ;

(ബി) എങ്കിൽ ആയത് കൃത്യമായും വിദ്യാർത്ഥികൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ ;